**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2804** | **21.06.2012 - ൽ മറുപടിക്ക്** |

## <u>എൻ.എച്ച്. 212 - ന്റെ വിപുലീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. പി.റ്റി.എ. റഹീം** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) | എൻ.എച്ച്. 212 വിപുലീകരിക്കുന്നതിന് ഏതെങ്കിലും കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ എൻ.എച്ച്.212, പേവ്ഡ് ഷോൾഡറുകളോടുകൂടിയ രണ്ടു വരിപാതയായി വികസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം, വിൽബർ സ്മിത്ത്, ബാംഗ്ലൂർ എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് എത്ര ഭൂമിയാണ് അക്വയർ ചെയ്യുന്നത്; | (ബി) | പ്രാരംഭ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏകദേശം 50 ഹെക്ടർ സ്ഥലം അക്വയർ ചെയ്യണമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (സി) | എത്ര മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കുന്നത്; | (സി) | റോഡിന്റെയും സ്ഥലത്തിന്റെയും ഭൂമിശാസ്ത്രപരമായ കിടപ്പിന്റെ അടിസ്ഥാനത്തിൽ പരമാവധി 15 മീറ്ററിൽ നിജപ്പെടുത്തിയിട്ടുള്ള വീതിയിലാണ് റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനുള്ള നടപടികൾ എപ്പോഴാണ് ആരംഭിക്കുന്നതെന്ന് പറയാമോ; | (ഡി) | കൺസൾട്ടന്റ് തയ്യാറാക്കിയ പ്രാരംഭ റിപ്പോർട്ടുകൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ -ത്തിന്റെ പി.പി.പി. അപ്രൈസൽ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ ആരംഭിക്കുന്നതാണ്. |
| (ഇ) | പ്രവൃത്തി പൂർത്തിയാകുമ്പോൾ എത്ര സ്ഥലത്ത് ടോൾ നൽകേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു; | (ഇ) & (എഫ്) | പണികൾ പൂർത്തീകരിച്ച ശേഷം കേന്ദ്ര മന്ത്രാലയം തീരുമാനിക്കുന്ന താണ്. |
| (എഫ്) | ടോൾ തുക എത്ര വീതമായിരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

Salitha

**സെക്ഷൻ ഓഫീസർ**